പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **4696** **27. 06. 2014**- ലെ മറുപടി

മരണപ്പെടുന്ന പ്രവാസി മലയാളികളുടെ ഭൗതികശരീരം നാട്ടിലെത്തിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ)വിദേശ രാജ്യങ്ങളിൽ ജോലിയിലിരിക്കയോ അല്ലാതെയോ മരണപ്പെടുന്ന കേരളീയരുടെ ഭൗതികശരീരം നാട്ടിലെത്തിക്കുന്നതിന് ഇപ്പോൾ സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ) ഗൾഫിലും മറ്റു വിദേശ രാജ്യങ്ങളിലും വച്ച് മരണപ്പെടുന്ന മലയാളികളെ സംബന്ധിക്കുന്ന വിവരങ്ങൾ കുടുംബാംഗങ്ങളിൽ നിന്നോ മലയാളി സംഘടനകളിൽ നിന്നോ, വ്യക്തികളിൽ നിന്നോ ലഭിക്കുന്ന മുറയ്ക്ക് അതാത് ഇന്ത്യൻ എംബസിയുടെ ശ്രദ്ധയിൽകൊണ്ടുവരികയും മൃതദേഹവും മറ്റ് അനുബന്ധ വസ്തുക്കളും അടിയന്തിരമായി നാട്ടിലെത്തിക്കുന്നതിന് ഇന്ത്യൻ എംബസിയുടെ സഹായത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ അസ്വാഭാവിക മരണങ്ങളിൽ അതിനെക്കുറിച്ച് അന്വേഷിച്ച് നടപടികൾ സ്വീകരിക്കുന്നതിനും വിദേശരാജ്യങ്ങളിൽ ജോലിയിലിരിക്കെ മരണം സംഭവിക്കുന്ന കേസുകളിൽ ഡെത്ത് കോമ്പൻസേഷൻ ലഭ്യമാക്കുന്നതിനും ഇന്ത്യൻ എംബസിയുടെ സഹായം തേടാറുണ്ട്. മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള ചെലവ് സ്പോൺസറോ എംബസിയോ വഹിക്കാത്ത സാഹചര്യങ്ങളിൽ നിബന്ധനകൾക്ക് വിധേയമായി പരമാവധി 50,000/- രൂപ ധനസഹായം അനുവദിക്കുന്നതിന് 'കാരുണ്യം' എന്ന പദ്ധതി നിലവിലുണ്ട്. |

(ബി) നിലവിലുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് സമയപരിധി കൂടുതൽ ആവശ്യമായിവരുന്നതിനാൽ മരണപ്പെടുന്നവരുടെ ഭൌതികശരീരം നാട്ടിലെത്തിക്കുന്നതിൽ വലിയ കാലതാമസം ഉണ്ടാകുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അപകടമരണം, കൊലപാതകം, സ്പോൺസറുടെ അഭാവം, എംബസിയെ അല്ലാതെ മറ്റ് സ്വകാര്യ വ്യക്തികൾക്ക് പവർ ഓഫ് അറ്റോർണി നൽകുന്ന കേസുകൾ എന്നിവ ഒഴികെ ഒരു കേസിലും മൃതദേഹം നാട്ടിലെത്തുന്നതിന് അകാരണമായ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എങ്കിൽ നിലവിലുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുവാനും സുതാര്യമാക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

(സി) നിലവിലുള്ള സംവിധാനങ്ങളിലൂടെ സേവനങ്ങൾ ഫലപ്രദമായി ആവശ്യക്കാർക്ക് ലഭിക്കുന്നുണ്ട്. വിദേശ രാജ്യങ്ങളിലെ നടപടിക്രമങ്ങളിൽ മാറ്റം വരുത്തുന്നതിന് സംസ്ഥാന സർക്കാരിന് നേരിട്ട് ഇടപെടാൻ കഴിയില്ല.

സെക്ഷൻ ഓഫീസർ